**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4401** | **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. V. N. Vasavan (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മുൻ ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 09.02.2021 തീയതിയിൽ ഇറങ്ങിയ ഉത്തരവ് പ്രകാരം പ്യൂൺ/വാച്ച്മാൻ, ഡ്രൈവർ, ക്ലാർക്ക്/ കാഷ്യർ, പബ്ലിക് റിലേഷൻ ഓഫീസർ, ശാഖ മാനേജർ എന്നീ തസ്തികകളുടെ പുതിയ ശമ്പള സ്കെയിൽ നിർണ്ണയിച്ചപ്പോൾ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോർമുല ബാധകമാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (എ) | മുൻ ജില്ലാ സഹകരണ ബാങ്കുകളിലേയും, സംസ്ഥാന സഹകരണ ബാങ്കിലേയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 09.02.2021 തീയതിയിൽ ഇറങ്ങിയ സ.ഉ(കൈ)നം.5/2021/സഹ. ഉത്തരവിൽ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശമ്പളത്തിൽ കുറവ് വരുന്ന സാഹചര്യമുണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും ഉത്തരവിലുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണ ഫോർമുല മേൽ തസ്തികളുടെ ശമ്പള സ്കെയിലിൽ ബാധകമാക്കാത്തതിനാൽ 01.04.2017-ന് ശേഷം നേരിട്ട് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മുൻ ജില്ലാ സഹകരണ ബാങ്കുകളിലേയും, സംസ്ഥാന സഹകരണ ബാങ്കിലേയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 09.02.2021 തീയതിയിൽ ഇറങ്ങിയ സ.ഉ(കൈ)നം.5/2021/സഹ. ഉത്തരവിൽ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശമ്പളത്തിൽ കുറവ് വരുന്ന സാഹചര്യമുണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും ഉത്തരവിലുണ്ട്. |
| (സി) | ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയ ശമ്പള പരിഷ്കരണ ഫോർമുല എല്ലാ തസ്തികകളുടെ സ്കെയിലിലും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക കാരണമുണ്ടോ; വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടെ സംഘടനകളുമായി ചർച്ചചെയ്ത് തീരുമാനത്തിലെത്തിയ ശമ്പള പരിഷ്കരണ ഫോർമുല എല്ലാതസ്തികകളുടെ സ്കെയിലിലും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ബാധകമാക്കിയിട്ടുണ്ട്. |
| (ഡി) | ഒരേ റാങ്ക് ലിസ്റ്റിലെ ഒരേ നിയമന ശുപാർശയിൽ 01.04.2017-ന് മുൻപും ശേഷവും സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കുന്നതുമൂലം അടിസ്ഥാന ശമ്പളത്തിൽ വലിയ അന്തരം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ